മലയാളം റിസേർച്ച് ജേണൽ
യു.ജി.സി. അംഗീകൃത ജേണൽ. സീരിയൽ നമ്പർ 41569
ഐ.എസ്.എസ്.എൻ.-0974 1984
ആർ.എൻ.ഐ. നം. കെ.ഇ.ആർ.ബി.ഐ.എൽ. 2008/24527
എൽ.സി.സി.എൻ. 2013-318190
വാ.11, ല.3 സെപ്റ്റം.-ഡിസം. 2018, പു. 4358-4371

ആശ എസ്.

# (ഇസ്ലാമിക) സ്ത്രീവാദം മുസ്ലിം സംഘടനകളുടെ പരിപ്രേക്ഷ്യത്തിൽ

## ആമുഖം

സെമിറ്റിക് മതങ്ങൾ പൊതുവേ സ്ത്രീവിരുദ്ധം ആയാണ് കണക്കാക്കപ്പെടുന്നത്. അതുകൊണ്ടുതന്നെ സ്ത്രീവാദത്തെ ഇസ്ലാംമതവുമായി ചേർത്തുവായിക്കുന്നതിലെ യുക്തിയും സാംഗത്യവും പരക്കെ ചോദ്യം ചെയ്യപ്പെടുന്നു. ഇസ്ലാമികസ്ത്രീവാദം എന്നത് ഒരു വിരുദ്ധോക്തി ആണ് എന്നാണു മിക്ക മതേതരവാദികളുടെയും (Moghissi, 1999; Mojab, 2001; Shahidian, 1998) യാഥാസ്ഥിതിക മതചിന്തകരുടെയും (എം.എം. അക്ബർ, 2003; Jameelah, 2011) കാഴ്ചപ്പാട്. അതേസമയം പ്രബല പുരുഷകേന്ദ്രികൃത മതവ്യാഖ്യാനങ്ങളെയും പ്രാമാണിക മതേതരത്വത്തെയും വിമർശനാത്മകമായി സമീപിച്ചുകൊണ്ട് അനുക്രമം വികസിക്കുന്ന ഒരു ചിന്താധാരയായി ഇതിനകം മാറിയിട്ടുണ്ട്, ഇസ്ലാമിക സ്ത്രീവാദം. ഈ പശ്ചാത്തലത്തിൽ കേരളത്തിലെ പ്രമുഖ മുസ്ലിംസംഘടനകൾ സ്ത്രീവാദത്തെ പൊതുവിലും ഇസ്ലാമിക സ്ത്രീവാദത്തെ പ്രത്യേകിച്ചും എങ്ങനെ നോക്കിക്കാണുന്നു എന്ന അന്വേഷണത്തിനാണ് ഇവിടെ മുതിരുന്നത്. കേരളത്തിലെ പ്രധാനപ്പെട്ട മുസ്ലിംസംഘടനകളായ സമസ്ത കേരള ജമിയത്തുൾ ഉലമ (സമസ്ത), കേരള നടുവത്തുൾ മുജാഹിദീൻ (കെ.എൻ.എം.), ജമാഅത്ത് ഇ ഇസ്ലാമി കേരളഘടകം (ജമാഅത്ത്) എന്നിവയുടെ ആനുകാലികങ്ങളിൽ-'രിസാല', (സമസ്ത), 'സ്നേഹസംവാദം' (കെ.എൻ.എം.), 'മാധ്യമം', 'പ്രബോധനം', 'ആരാമം' (ജമാഅത്ത്)-2001-നു ശേഷം പ്രസിദ്ധീകരിക്കപ്പെട്ട ലേഖനങ്ങളാണ് പ്രധാനമായും പഠനവിധേയമാക്കുന്നത്. ഒപ്പം സംഘടനകളുടെ പ്രമുഖ നേതാക്കളുടെയും ചിന്തകരുടെയും സ്ത്രീവാദവുമായി ബന്ധപ്പെട്ട (പ്രസിദ്ധീകരിക്കപ്പെട്ട) പ്രസംഗങ്ങളും അഭിമുഖങ്ങളും പരിശോധിക്കുന്നു.

ആശ എസ്., അസിസ്റ്റന്റ് പ്രൊഫസ്സർ, ഡിപ്പാർട്ട്മെന്റ് ഒഫ് ഇംഗ്ലീഷ് ആൻഡ് കംപാരറ്റീവ് ലിറ്ററേച്ചർ, സെൻട്രൽ യൂണിവേഴ്സിറ്റി ഒഫ് കേരള, കാസറഗോഡ്.



## പശ്ചാത്തലം

### ക) മുസ്ലിംസംഘടനകൾ

സമസ്തവിഭാഗത്തെ അജ്ഞതയിലും അന്ധവിശ്വാസത്തിലും ആണ്ടുകിടക്കുന്ന യാഥാസ്ഥിതികവാദികൾ എന്ന് അടയാളപ്പെടുത്തിക്കൊണ്ട് ഇസ്ലാമിക നവോത്ഥാനത്തിന്റെ പ്രചാരകരായി കടന്നുവന്ന പ്രസ്ഥാനമാണ് കെ.എൻ.എം. തങ്ങളുടെ മതനവോത്ഥാന പ്രവർത്തങ്ങളിൽ മുസ്ലിംസ്ത്രീ വിദ്യാഭ്യാസത്തിനു നൽകിയ പ്രാധാന്യവും ഈ രംഗത്ത് അവർ നൽകിയ സംഭാവനകളും ശ്ലാഘനീയമാണ്. മതവും രാഷ്ട്രീയവും വേർതിരിക്കാനാകാത്ത വിധം ഇഴചേർന്നിരിക്കുന്നു എന്ന് വാദിക്കുന്ന ജമാഅത്ത്, ഇസ്ലാമിക മതമൂല്യങ്ങളെ അടിസ്ഥാനപ്പെടുത്തിയ രാഷ്ട്രവ്യവസ്ഥക്കുവേണ്ടി നിലകൊള്ളുന്ന ഇസ്ലാമിസ്റ്റ് പ്രസ്ഥാനമാണ്. സമുദായത്തിനകത്തുള്ള സ്വാധീനം മറ്റു സംഘടനകളെ അപേക്ഷിച്ച് പരിമിതമാണ് എങ്കിലും കേരളത്തിലെ മത-മതേതര -ബൗദ്ധിക-വൈജ്ഞാനിക മേഖലകളിൽ സംഘടന ഒരു സജീവ സാന്നിധ്യമാണ്. ഇവയിൽനിന്ന് ഭിന്നമായി ആധുനികതക്ക് (ഇംഗ്ലീഷ് വിദ്യാഭ്യാസത്തിനും ഖുറാൻ വിവർത്തനത്തിനും മറ്റും) ദീർഘകാലം പുറം തിരിഞ്ഞുനിന്ന പ്രസ്ഥാനമെന്ന ചരിത്രമാണ് സമസ്തയുടേത്; ഈ സംഘടനകളുടെ സ്ത്രീവാദത്തോടുള്ള സമീപനം പരിശോധിക്കുമ്പോൾ 2001 സെപ്റ്റംബർ പതിനൊന്നിനുശേഷം ശക്തിയാർജിച്ച ഇസ്ലാംഭീതിയുടെ ആഗോളപശ്ചാത്തലവും ഒപ്പം ഹിന്ദുത്വ ഭരണകൂടത്തിന്റെ ഇസ്ലാംവിരോധത്തിന്റെയും മുസ്ലിംവേട്ടയുടെയും സമകാലിക ദേശീയ സാഹചര്യത്തെ കാണാതിരുന്നുകൂടാ. ഭൂരിപക്ഷ വർഗീയതയും ന്യൂനപക്ഷ വർഗീയതയും ഒരുപോലെ അപകടകരം ആണെന്ന പ്രബല മതേതരയുക്തിയുടെ (ഹമീദ്ചേന്നമംഗലൂർ, എം.എൻ. കാരശ്ശേരി തുടങ്ങിയവർ ഉന്നയിക്കുന്ന) സാംഗത്യം ചോദ്യം ചെയ്യപ്പെടേണ്ടതുണ്ട്.